## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പൊതു സ്ഥലംമാറ്റം - 2020 - റേഡിയേഷൻ ഫിസിക്സ് അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകരുടെ പൊതു സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം:
1. ഈ കാര്യാലയത്തിലെ 11.02.2020 തീയതിയിലെ Special Cell(GT)/4779/2019/DME നം. വിജ്ഞാപനം.
2. 18.02.2020 തീയതിയിലെ നം. ബി4/307/2019 ആകവ നമ്പർ സർക്കാർ കത്ത്.
3. റേഡിയേഷൻ ഫിസിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ 07.07.2020 തീയതിയിലെ പൊതു സ്ഥലം മാറ്റത്തിന്റെ കരട് പട്ടിക.
4. കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ 14.8.2020 തീയതിയിലെ GMCKKD/2402/2020/E1 നമ്പർ കത്ത്.
5. റേഡിയേഷൻ ഫിസിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ 09.09.2020 തീയതിയിലെ പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ പട്ടിക.

## ഉത്തരവ് നമ്പർ: മെ.വി.വ./1988/2020-ജി5 തീയതി: 19/01/2021

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ, 2020 വർഷത്തെ പൊതു സ്ഥലം മാറ്റത്തിനായി റേഡിയേഷൻ ഫിസിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ അദ്ധ്യാപകർ ഓൺലൈൻ മുഖേന സമർപ്പിച്ച അപേക്ഷകൾ പ്രകാരം, സ്ഥലം മാറ്റത്തിന് അർഹരായവരുടെ കരട് സ്ഥലം മാറ്റ പട്ടിക പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ചു. ആയതിന്മേൽ പരാമർശം (4) പ്രകാരം ലഭ്യമായ പരാതി; പരാതി പരിശോധിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി പരിശോധിച്ച്, ആയത്, നിലവിലെ പൊതു സ്ഥലം മാറ്റചട്ടങ്ങൾ പ്രകാരം നിലനിൽക്കുന്നതല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം അന്തിമ സ്ഥലം മാറ്റ പട്ടിക പ്രസിദ്ധീകരിച്ചു. ആയത് അനുബന്ധമായി ചേർക്കുന്നു. അന്തിമ പട്ടികയുടെ അടിസ്ഥാനത്തിൽ, റേഡിയേഷൻ ഫിസിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിലെ 2020 വർഷത്തെ പൊതു സ്ഥലം മാറ്റം ചുവടെ പട്ടികയിൽ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| പേര് | നിലവിൽ ജോലി നോക്കുന്ന മെഡിക്കൽ കോളേജ് | സ്ഥലം മാറ്റി നിയമിച്ച മെഡിക്കൽ കോളേജ് | അഭിപ്രായം |
|---|---|---|---|
| ശ്രീമതി. രേഷ്മ ഭാസ്കരൻ | ആലപ്പുഴ | കോഴിക്കോട് | ദുർഘട മേഖല |
| ശ്രീ. പ്രവീൺ കുമാർ. ആർ.ഡി | കോഴിക്കോട് | ആലപ്പുഴ | |

അതാത് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ ഈ ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻറെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാരെ സമയബന്ധിതമായി അറിയിക്കേണ്ടതും, ടി ജീവനക്കാരുടെ വിടുതൽ/ ജോലിയിൽ പ്രവേശിപ്പിക്കൽ

ഉത്തരവുകൾ സമയബന്ധിതമായി പുറപ്പെടുവിക്കേണ്ടതുമാണ്. ആയത് ഈ കാര്യാലയത്തിൽ കൃത്യമായി അറിയിക്കേണ്ടതാണ്.

DR.REMLA BEEVI.A
DIRECTOR

സ്വീകർത്താവ്:

1. ബന്ധപ്പെട്ടവർക്ക് (അതാത് പ്രിൻസിപ്പൽ മുഖാന്തിരം).
2. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ/കോഴിക്കോട്.

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരളം, തിരുവനന്തപുരം.
2. വെബ് സൈറ്റ് / നോട്ടീസ് ബോർഡ്.
3. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.